# സഭയെ പടുത്തുയർത്താൻ വിളിക്കപ്പെട്ടവർ

**പോൾ ആന്റണി**

ഇന്നത്തെ ഈ ലോകത്തിൽ വ്യത്യസ്ത കാഴ്ച്ചപ്പാടുകളോടെയാണ് ഓരോരുത്തരും ദൈവത്തെ നോക്കി കാണുന്നത് . സ്വന്തം ആഗ്രഹങ്ങളെ മാത്രം തൃപ്തിപ്പെടുത്തി ജീവിക്കുന്നവരും ആഗ്രഹങ്ങൾ സാധിച്ചുകിട്ടുന്നതുവരെ മാത്രം ദൈവത്തെ തേടുന്നവരുമുണ്ട്. ഇവരിൽ പലരും ഭയം, ഉത്കണ്ഠ, വെറുപ്പ്, അശുദ്ധി, ധനാസക്തി എന്നിവയുടെ പിടിയിലുമാണ്. ഒരു പക്ഷേ അവർക്ക് ദൈവത്തെക്കുറിച്ചു കേട്ടറിവു മാത്രമേ ഉണ്ടാകുകയുള്ളൂ.

എന്നാൽ അവരിൽ നിന്നെല്ലാം വ്യതസ്തമായി ഈ കാലഘട്ടത്തിൽ യേശുവിനെ അനുഭവിച്ചവരാണ് നാം ഓരോരുത്തരും . നമ്മുടെ മുമ്പിൽ കർത്താവിന്റെ മഹത്ത്വമേറിയ സാന്നിദ്ധ്യം അത്ഭുതങ്ങളായും അടയാളങ്ങളായും സൗഖ്യമായും അഭിഷേകമായും വെളിപ്പെട്ടു. നമ്മുടെ പൂർവ്വികർ ദർശിക്കാത്ത പലതും നാം ഇന്ന് കണ്ടും കേട്ടും അനുഭവിച്ചും കൊണ്ടിരിക്കുന്നു. ആഗോളസഭയിൽ ആകെയുള്ള മുന്നൂറോളം ധ്യാനകേന്ദ്രങ്ങളിൽ പകുതിയും മലയാളികളിലൂടെ ദൈവം ഇടപ്പെട്ടതിന്റെ ഫലമായുണ്ടായവയാണ്. അവയിൽ നൂറിലധികവും നമ്മുടെ കേരളക്കരയിലും. ഇത് ദൈവത്തിന്റെ പ്രവൃത്തിയാണ്. ഈ ധ്യാനകേന്ദ്രങ്ങളിലൂടെ കേരളം മുഴുവനിലും ലോകത്തിന്റെ പലകോണുകളിലും സഭ ഇന്ന് ഉണർന്നുകൊണ്ടിരിക്കുന്നു. ഇന്ന് കേരളത്തിൽ ഇത്രയേറെ അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നുണ്ടെങ്കിൽ സ്വർഗ്ഗത്തിനു നമ്മെകുറിച്ച് വലിയൊരു പദ്ധതിയുണ്ടെന്ന് നാം തിരിച്ചറിയണം. ഭാരതസഭയുടേയും ആഗോളസഭയുടേയും വളർച്ചക്കും നവീകരണത്തിനുമായി കേരള സഭയെ കർത്താവ് ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു.

എന്നാൽ നമുക്കു നമ്മുടെ ഇപ്പോഴത്തെ അവസ്ഥയിലേക്കു ഒന്നു കണ്ണോടിക്കാം. നാം സാധിക്കുന്ന ദിവസവും കുർബാനക്കു പോകുന്നു, ദൈവത്തെ ഭയപ്പെടുന്നു, ദുശ്ശീലങ്ങൾ ഉപേക്ഷിച്ചു. എന്നിട്ടും ദൈവത്തെക്കുറിച്ചു കേട്ടറിവു മാത്രമുള്ള വ്യക്തികളുടെ സ്വഭാവങ്ങൾ പലതും ഇപ്പോഴും നമ്മിൽ ഒളിഞ്ഞും തെളിഞ്ഞും പ്രകടമാകുന്നു.! കാരണം നാം നമ്മുടെ കർത്താവ് ആഗ്രഹിക്കുന്ന തലത്തിലേക്ക് ഇപ്പോഴും എത്തിയിട്ടില്ല എന്നതു തന്നെ. വചനം കേൾക്കാൻ ഉത്സുകരെങ്കിലും വചനം പകർന്നുകൊടുക്കാനോ വചനത്തിനു സാക്ഷികളാകാനോ നമുക്കു പലപ്പോഴും സാധിക്കുന്നില്ല. ഇപ്പോഴും നാം ദൈവത്തെ വിളിക്കുന്നത് അവിടത്തോടുള്ള സ്നേഹം കൊണ്ടാണോ , അതോ നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾക്കും ഈലോക കാര്യങ്ങൾ തടസ്സം കൂടാതെ നടക്കുന്നതിനും വേണ്ടിയാണോ എന്ന് നാം മനസ്സിരുത്തി ചിന്തിക്കേണ്ടിയിരിക്കുന്നു. വചനം പറയുന്നു: **നിങ്ങൾ ഈ ലോകത്തിൽ മാത്രം പ്രത്യാശ അർപ്പിച്ചവരാണെങ്കിൽ മറ്റെല്ലാവരെയുംക്കാൾ നിങ്ങൾ ഭാഗ്യഹീനരാണ് (1 കൊറി 15.19). നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ (1 പത്രോ 1.15).**

യേശു പഠിപ്പിക്കുന്നു: **നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണ മനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണ് പ്രധാനവും പ്രഥമവുമായ കല്പന (മത്താ 22.37,38).** ഈ വചനത്തോടു താദാത്മ്യപ്പെടാൻ ശ്രമിക്കാതെ നാം നേടിയതും നാം ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം പാഴ്വേലയാണെന്ന് നാം തിരിച്ചറിയണം. എങ്കിൽ എങ്ങനെ നാം ദൈവത്തെ സ്നേഹിക്കണം? ദൈവത്തിന്റെ എല്ലാ വചനങ്ങളും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്ത് പൂർണമനസ്സോടെയും, സ്വന്തം കഴിവിൽ ആശ്രയിക്കാതെ ദൈവത്തിൽ ശരണപ്പെട്ട് പൂർണ ശക്തിയോടെയും , അവിടുത്തെ ഹൃദയവികാരങ്ങൾ ഉൾക്കൊണ്ടു പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത് പൂർണഹൃദയത്തോടെയും നമുക്കു ദൈവത്തെ സ്നേഹിക്കാം.

ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ് എന്നു പറഞ്ഞവൻ തന്നെ, **ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ പീഡിപ്പിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ (മത്താ 5.44)** എന്നും **നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മാർക്കോ 16.1)** എന്നും കല്പിച്ചിട്ടുണ്ടല്ലോ. **ഇന്നു ഞാൻ നിനക്കു നല്കുന്ന കല്പന നിന്റെ ശക്തിക്കതീതമോ അപ്രാപ്യമാംവിധം വിദൂരസ്ഥമോ അല്ല (നിയമ 30. 1)** കർത്താവിന്റെ എല്ലാ വചനങ്ങളും വിശ്വാസയോഗ്യവും അനുസരിക്കാൻ സാദ്ധ്യവുമാണ്. നമുക്കു വിശുദ്ധരിലേക്കു നോക്കാം. അവർ കർത്താവിന്റെ വചനങ്ങളെ എത്ര സന്തോഷത്തോടെ അനുസരിച്ചു.! ഒന്നു ചിന്തിച്ചു നോക്കൂ. ഇത്രയേറെ ശക്തമായി പ്രാർത്ഥിച്ചിട്ടും എന്തുകൊണ്ടാണ് ഇനിയും ചില ജീവിതങ്ങളിൽ കർത്താവിന്റെ പ്രവൃത്തികൾ വെളിപ്പെടാത്തത്? കാരണം നാം അവിടുത്തെ പൂർണമായി വിശ്വസിക്കുന്നില്ല. എന്തുകൊണ്ടാണ് നമുക്ക് വിശുദ്ധി പാലിക്കാൻ സാധിക്കാത്തത്? കാരണം നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണെന്ന കാര്യം നാം അവഗണിക്കുന്നു. എന്തുകൊണ്ടാണ് നമ്മുടെ ആഗ്രഹങ്ങൾ സാധിച്ചു കിട്ടാത്തത്? കാരണം അവിടുത്തെ ആഗ്രഹമെന്തെന്നു നാം ചോദിക്കാറില്ല. എന്തുകൊണ്ടാണ് സഹനങ്ങൾ ഉൾക്കൊള്ളാൻ കഴിയാത്തത്? കാരണം നമ്മുടെ പ്രത്യാശ ഇപ്പോഴും ഈ ലോകത്തിലാണ്.

പ്രിയ ദൈവമക്കളേ, നീ ചെയ്യുന്നതെന്തും നിന്നെ അധികമായി സ്നേഹിക്കുന്ന ദൈവത്തോടുള്ള സ്നേഹത്തെ പ്രതി ചെയ്യുവിൻ. നിസാരമെന്നു നീ കരുതുന്ന കാര്യങ്ങളിൽപ്പോലും നിന്റെ ആത്മമിത്രമായ ദൈവത്തോട് ആലോചന ചോദിച്ച് അവിടത്തോടു കൂടെ നടക്കുവിൻ. അവിടുത്തെ ഹൃദയവിചാരങ്ങൾ കേൾക്കാൻ ഹൃദയം തുറന്ന് കാതോർക്കുവിൻ. വയലിലെ പുല്ലുപോലെ നൈമിഷികമായ ഈലോകജീവിതത്തിലോ പുഴുകൾക്കു ഭക്ഷണമായിത്തീരേണ്ട ഈ ശരീരത്തിലോ പ്രത്യാശവെക്കാതെ സ്വർഗ്ഗം ലക്ഷ്യമാക്കി വേണം നാം ജീവിക്കാൻ. ഇത് കരുണയുടെ സമയമാണ്. ദൈവനീതി വെളിപ്പെടാൻ ഇനി അധികം സമയമില്ലെന്ന് നമുക്ക് അറിവുള്ളതാണല്ലോ. അതിനാൽ ആത്മാക്കളുടെ രക്ഷയ്ക്കായുവള്ള കർത്താവിന്റെ ദാഹം നാം ഉൾക്കൊള്ളണം. ലോകസുവിശേഷവത്കരണത്തിനായുള്ള നമ്മുടെ വിളി നാം തിരിച്ചറിയാതെ പോകരുത്. **സുഖലോലുപത, മദ്യാസക്തി , ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാകുകയും ആ ദിവസം ഒരു കെണിപോലെ പെട്ടന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ. എന്തെന്നാൽ ഭൂമുഖത്തു ജീവിക്കുന്ന എല്ലാവരുടെയും മേൽ അതു നിപതിക്കും. സംഭവിക്കാനിരിക്കുന്ന ഇവയിൽ നിന്നെല്ലാം രക്ഷപ്പെട്ട് മനുഷ്യപുത്രന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ വേണ്ട കരുത്തു ലഭിക്കാൻ സദാ പ്രാർത്ഥിച്ചുകൊണ്ടു ജാഗരൂകരായിരിക്കുവിൻ. (ലൂക്ക.21. 34 36)**

നമ്മുടെ കർത്താവിന് മാറാരോഗങ്ങൾ സുഖപ്പെടുത്താനും, സാമ്പത്തിക മേഖലകളെ ഉയർത്താനും, വൻ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കാനും കഴിയുമെന്ന് നമുക്കറിയാം . കാരണം അവിടുന്ന് സ്നേഹനിധിയും സർവ്വശക്തനുമാണ്. എന്നാൽ നാം അവിടുത്തെ ഒരു ഡോക്ടറോ തൊഴിൽദാതാവോ പ്രശ്നപരിഹാരകനോ മാത്രമായി കാണരുത്. സർവ്വശക്തനെങ്കിലും അവിടുന്ന് തന്റെ പ്രിയമക്കളുടെ കൂടെ ആയിരുന്ന് അവരുടെ സ്നേഹം അനുഭവിക്കാൻ ആഗ്രഹിക്കുന്നു. അതിനാൽ നാം ഇനിയും അത്ഭുതങ്ങൾ കാണാൻ പോകുന്നവരാകരുത്. സൗഖ്യം ലഭിച്ചവർ ആ സൗഖ്യം നാം പൂർണരായതുകൊണ്ട് ലഭിച്ചതാണെന്നു ചിന്തിക്കരുത്. മദ്യപനായിരുന്ന വ്യക്തി മദ്യം ഉപേക്ഷിച്ചതിലോ ദുശ്ശീലങ്ങൾക്കടിമപ്പെട്ടവൻ ആ തിന്മകൾ ഉപേഷിച്ചതിലോ തന്റെ ആത്മീയ വളർച്ച നിർത്തരുത്. നമ്മെ കൂടുതൽ ഉയരങ്ങളിലേക്കു കൈ പിടിച്ചു നടത്താൻ ദൈവം ആഗ്രഹിക്കുന്നുണ്ട്. നാം പാപത്തിന് അടിമയായിരുന്നപ്പോൾ നരകത്തിലേക്കുള്ള വിശാല പാതയിലായിരുന്നു. ആ പാപം ഉപേക്ഷിച്ചപ്പോൾ സ്വർഗ്ഗത്തിലേക്കുള്ള വഴിയിലേക്ക് നാം തിരിഞ്ഞു കാലെടുത്തു വെച്ചു. എന്നാൽ തിരിഞ്ഞിടത്തു നിൽക്കാതെ സ്വർഗ്ഗത്തിലേക്കുള്ള വഴിയിലൂടെ മുന്നേറേണ്ടവരാണ് നാം ഓരോരുത്തരും. ആ വഴി ആദ്യത്തേതു പോലെ വിശാലമല്ല, മറിച്ച് ഇടുങ്ങിയതും കല്ലുകളും മുള്ളുകളും നിറഞ്ഞതുമാണ്.

പ്രിയ മക്കളേ, കർത്താവ് നിങ്ങളെ കൂടുതലായി ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു. അതിനാൽ നമുക്കു ലഭിച്ച സൗഖ്യവും വിടുതലും അനേകായിരങ്ങൾക്ക് യേശുവിന്റെ സ്നേഹം പകർന്നു കൊടുക്കാൻ പ്രചോദനം നല്കട്ടെ. നാം പ്രാർത്ഥിക്കുമ്പോഴും വചനം പ്രഘോഷിക്കുമ്പോഴും അത്ഭുതങ്ങളും അടയാളങ്ങൾ കൊണ്ടും കർത്താവ് തന്റെ വചനങ്ങളെ സ്ഥിരീകരിക്കും. നമ്മുടെ സാമ്പത്തിക മേഖലയിലുണ്ടായ അനുഗ്രഹങ്ങൾ സഹോദരങ്ങളോട് ഉദാരതയോടും അലിവോടും പെരുമാറാൻ കാരണമായി തീരട്ടെ. നമുക്കു ഉള്ളതിൽ തൃപ്തിപ്പെട്ട് മനസ്സിനെ ശാന്തമാക്കി ദൈവസ്വരത്തിനു കാതോർക്കാം. പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാൻ നമ്മുടെ ഹൃദയവികാരങ്ങളും ചിന്തകളും നമുക്കു നിർമലമാക്കാം, നമ്മുടെ പ്രവർത്തനങ്ങൾ ഫലമണിയാൻ ശരീരത്തെയും. നമുക്കു കൂടുതലായി അനുവദിച്ചു കിട്ടിയിരിക്കുന്ന ഈ ചുരുങ്ങിയ സമയം സുവിശേഷവേലക്കായി ഉപയോഗിക്കുകതന്നെ വേണം. ദൈവം ഒരു വ്യക്തിയെ വിളിക്കുമ്പോൾ ആ വ്യക്തിയിലൂടെ പൂർത്തീകരിക്കേണ്ട ഒരു ദൗത്യവും അവന് ഏല്പിച്ചു നല്കുന്നുണ്ട്. അത് വിവേചിച്ചറിഞ്ഞ് നമ്മുടെ ജീവിതത്തെ നാം ക്രമപ്പെടുത്തണം. കാരണം നമ്മിലൂടെയാണ് ആ ദൗത്യം നിറവേറേണ്ടത്.

ആദിമസഭയിൽ പെന്തക്കുസ്താനുഭവത്തിനുശേഷമാണ് യേശു പാകിയ സഭയാകുന്ന വിത്ത് പടർന്ന് പന്തലിച്ചത്. യേശു തന്റെ സ്വർഗാരോഹണത്തിനുശേഷം പരിശുദ്ധാത്മാവിനെ അയച്ച് ശിഷ്യരെ ശക്തിപ്പെടുത്തിയത് അവർ തന്റെ സാക്ഷികളായി മാറുന്നതിനുവേണ്ടിയാണ്. കൊടിയ പീഡകൾക്കു നടുവിലും കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോഴും സിംഹങ്ങൾക്കു ഇരയായപ്പോഴും തെരുവിൽ തീപ്പന്തങ്ങളായി കത്തിയപ്പോഴും അവരെ ശക്തിപ്പെടുത്തിയത് ഈ പരിശുദ്ധാത്മാവാണ്. ദൈവം തിരഞ്ഞെടുത്ത, പരിശുദ്ധാത്മാവിന്റെ നിറവിനാൽ നയിക്കപ്പെടുന്ന കേരളസഭയിൽ നമുക്കും ഇതുപോലൊരു ദൗത്യം ദൈവം ഏൽപ്പിച്ചു തരുന്നുണ്ട്. ആസന്നമായിരിക്കുന്ന സഹനത്തിന്റെയും പീഡനത്തിന്റെയും നടുവിൽ, ഭാരതസഭയുടെ വളർച്ചയ്ക്കായി, കർത്താവിന്റെ വചനത്തിനു സാക്ഷികളാകാൻ വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. കർത്താവിനോട് നമുക്ക് എത്രമാത്രം സ്നേഹം ഉണ്ടെന്ന് ആ നാളുകളിൽ വെളിപ്പെടാനിരിക്കുന്നു.

ഇന്നും കർത്താവിനാൽ വേർതിരിക്കപ്പെട്ട ഒരു കൂട്ടം വ്യക്തികൾ നമ്മുടെ സമൂഹത്തിലുണ്ട്. ലോകത്തിലോ സ്വന്തം കഴിവുകളിലോ യാതൊരു ശരണവും വെക്കാത്തവർ. സഹോദര സ്നേഹത്താൽ ജ്വലിച്ച് അവരുടെ ആത്മരക്ഷ ലക്ഷ്യമായി കണ്ട് അവർക്കു വേണ്ടി സഹനങ്ങളും ത്യാഗങ്ങളും ഏറ്റെടുത്ത് മുട്ടിന്മേൽ കൈ വിരിച്ചു പിടിച്ചു നില്ക്കുന്നവർ. സഹോദരന്റെ കണ്ണീർ തുടക്കുന്നവർ. സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിക്കുന്നവർ, ഏതു പ്രതിസന്ധിയിലും സ്ഥിരതയോടെ ഉറച്ചുനില്ക്കുന്നവർ, ഈ ലോകത്തിനോ ലോകം പറയുന്നതിനോ ചെവി കൊടുക്കാത്തവർ. ക്രൂശിതനു വേണ്ടി മരിക്കാനും തയ്യാറായവർ. **ഇവരാണു വലിയ ഞെരുക്കത്തിൽനിന്നു വന്നവർ, കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ചവർ (വെളി. 7.14).** വിശുദ്ധിയുടെ വില അവർക്ക് നന്നായി അറിയാം. അവരിലൂടെ സഭ ഇന്നും വളർന്നു കൊണ്ടിരിക്കുന്നു. നമുക്കും അവരിലൊരാളാകാം. കർത്താവിന്റെ ഇഷ്ടം പൂർത്തീകരിക്കാനായി നമ്മുടെ ജീവിതങ്ങളെ ഉയർത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ കർത്താവിന്റെ ഹൃദയവികാരങ്ങൾ ഉൾക്കൊണ്ട്, നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കളുടെ രക്ഷക്കായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

വല നിറയെ മത്സ്യം കിട്ടിയപ്പോൾ വഞ്ചിയുപേക്ഷിച്ച് യേശുവിനെ അനുഗമിച്ച പത്രോസിനെ പോലെ, ദൈവാനുഭവത്തിനുശേഷം അതീവതീഷ്ണതയോടെ വചനം പ്രഘോഷിച്ച പൗലോസിനെ പോലെ നമുക്കും ഉയരാം. ഇപ്പോൾ തന്നെ അവിടത്തോട് നമ്മുടെ തീരുമാനം അറിയിക്കാം. കർത്താവെ എന്നെ പൂർണമായി ഉപയോഗിക്കണമെ, അവിടുത്തെ സാക്ഷിയായി മാറ്റേണമേ.